# അടിസ്ഥാനശാസ്ത്രം - യു.പി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
| --- | --- | --- | --- | --- |
| 1. ജീവിത സാഹചര്യങ്ങളിൽനിന്നും ചുറ്റുപാടുകളിൽനിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | • കുട്ടിക്കാരനൊരു വൃക്ഷത്തൈ<br>• പ്ലാസ്റ്റിക് മാലിന്യ നിർമാർജ്ജനം.<br>• സ്കൂളും പരിസരവും വൃത്തിയാക്കൽ<br>• പൂന്തോട്ട നിർമ്മാണം.<br>• അടുക്കളത്തോട്ട നിർമ്മാണം.<br>. ലഹരി ബോധവത്കരണക്ലാസ്. | ജൂൺ | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | പി.ടി.എ. സയൻസ് ക്ലബ്ബ്. |
| 2. ശാസ്ത്രപ്രക്രിയാശേഷി വികസിപ്പിക്കുന്നതിന്. ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാൻ ഉള്ള കഴിവ് വർദ്ധിപ്പിക്കുന്നതിന് | ശാസ്ത്രലാബ് സജ്ജീകരിക്കൽ<br>ക്ലാസിൽ ശാസ്ത്രമൂല ഒരുക്കൽ.<br>റോക്കറ്റ് വിക്ഷേപണ മത്സരം<br>ഊർജ്ജസംരക്ഷണവുമായി ബന്ധപ്പെട്ട് സർവ്വേ നടത്തൽ, ലഘുലേഖ വിതരണം. ബോധവത്കരണം. | ജൂലൈ | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | പി.ടി.എ സയൻസ് ക്ലബ്ബ് രക്ഷിതാക്കൾ. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
| --- | --- | --- | --- | --- |
| | പരീക്ഷണങ്ങളെ സംഘടിപ്പിച്ച് സ്കൂൾതല ശാസ്ത്രമേള സംഘടിപ്പിക്കൽ. ഹിരോഷിമാ നാഗസാക്കി ദിനത്തോടനുബന്ധിച്ച് സഡാക്കോ കൊക്ക് നിർമ്മിക്കൽ. സമാധാന സന്ദേശങ്ങൾ അടങ്ങിയ പോസ്റ്റർ നിർമ്മാണം. | ആഗസ്റ്റ്. | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ് | പി.ടി.എ, സയൻസ് ക്ലബ്ബ്, രക്ഷിതാക്കൾ |
| | ഓസോൺ ദിനത്തിന്റെ പ്രാധാന്യത്തെ കുറിച്ച് വിവരശേഖരണം, കുറിപ്പ് തയ്യാറാക്കൽ, അവതരണം. ഉപജില്ലാ ശാസ്ത്രമേളക്ക് തിരഞ്ഞെടുക്കുന്ന പരീക്ഷണങ്ങൾ, മോഡലുകൾ എന്നിവയുടെ അവതരണം, പ്രദർശനം. ശാസ്ത്രലൈബ്രറി തയ്യാറാക്കൽ | സെപ്തംബർ | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ് | പി.ടി.എ, രക്ഷിതാക്കൾ, സയൻസ് ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
| --- | --- | --- | --- | --- |
| | നാടൻ പലഹാരങ്ങൾ കൊണ്ടുള്ള മേള സംഘടിപ്പിക്കൽ | ഒക്ടോബർ | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | പി.ടി.എ സയൻസ് ക്ലബ്ബ് രക്ഷിതാക്കൾ. |
| | ഔഷധ സസ്യങ്ങളുടെ പേര്, ശാസ്ത്രീയനാമം ഉപയോഗം എന്നിവ എഴുതിയ ഔഷധസസ്യ രജിസ്റ്റർ തയ്യാറാക്കൽ. | | | |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്രസാങ്കേതികവിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി ഉപയോഗപ്പെടുത്തുക. | ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്കെത്തിക്കുന്നു. കൂടാതെ പുതിയ കണ്ടെത്തലുകൾ, ശാസ്ത്രതത്വങ്ങൾ, ശാസ്ത്രജ്ഞരുടെ ജീവചരിത്രം എന്നിവയെ കുറിച്ച് കുട്ടികൾക്ക് അറിവ് ICT യുടെ സഹായത്തോടെ നൽകുന്നു. Roboticsനെ കുറിച്ച് കുറച്ച് അറിവുകൾ നൽകുന്നു. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | പി.ടി.എ സയൻസ് ക്ലബ്ബ് |
| | കേരളത്തിലെ പക്ഷിനിരീക്ഷകരുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ. | നവംബർ | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| | പക്ഷിനിരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ.<br>ICT ഉപയോഗിച്ച് വിവിധ രാജ്യങ്ങളിലെ കൗതുകം ഉണർത്തുന്ന പക്ഷികൾ, അവയുടെ ആവാസങ്ങൾ എന്നിവയുടെ പ്രദർശനം. | | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ് | പി.ടി.എ |
| | ജൈവവൈവിധ്യങ്ങളുടെ കലവറയായ കാവുകൾ, കുളങ്ങൾ, വയലുകൾ എന്നിവ സന്ദർശിക്കൽ. | ഡിസംബർ | ശാസ്ത്രാധ്യാപകർ | രക്ഷിതാക്കൾ |
| വിദ്യാർത്ഥികളിൽ ഗവേഷണാത്മകത വർദ്ധിപ്പിക്കുക. | ശാസ്ത്രത്തിലെ വിവിധ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കൽ, അവതരണം. | ജനുവരി. | ശാസ്ത്രാധ്യാപകർ | പി.ടി.എ |
| | സി.വി രാമന്റെ കണ്ടുപിടുത്തങ്ങളും ഇന്ത്യയുടെ ശാസ്ത്രീയ സംഭാവനകളും അവതരിപ്പിക്കൽ. | ഫെബ്രുവരി | സയൻസ് ക്ലബ്ബ്. | സയൻസ് ക്ലബ്ബ് |
| | ശാസ്ത്ര ആൽബം പ്രദർശനം | മാർച്ച്. | | |

# സാമൂഹ്യ ശാസ്ത്രം

സമൂഹത്തെ മെച്ചപ്പെടുത്തുവാനുള്ള കൂട്ടായ പരിശ്രമത്തിൽ തന്റെ പങ്ക് തിരിച്ചറിഞ്ഞു പ്രവർത്തിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുക എന്നത് സാമൂഹ്യശാസ്ത്ര പഠനത്തിന്റെ ലക്ഷ്യമാണ്. സാമൂഹ്യമാറ്റങ്ങളിൽ പങ്കാളിയാകുന്നതോടൊപ്പം സമൂഹത്തെ മുന്നോട്ടുനയിക്കുക എന്ന ഉത്തരവാദിത്വം നിറവേറ്റാൻ വ്യക്തിയെ പ്രാപ്തനാക്കുക എന്നതും സാമൂഹ്യശാസ്ത്ര പഠനത്തിന്റെ ലക്ഷ്യമാണ്. ജനാധിപത്യബോധം, മതനിരപേക്ഷ ചിന്ത, ദേശീയബോധം, സഹിഷ്ണുത, സഹകരണമനോഭാവം, സംഘബോധം, പ്രതികരണശേഷി തുടങ്ങിയ മൂല്യങ്ങൾ വളർത്തുന്നതിന് സാമൂഹ്യശാസ്ത്ര പഠനംകൊണ്ട് സാധിക്കുന്നു.

## പ്രവർത്തനങ്ങൾ

* സാമൂഹ്യശാസ്ത്ര ക്ലബ്
  - സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ
  - പ്രദർശനങ്ങൾ.
  - മത്സരങ്ങൾ.
  - ചുമർ പത്രികകൾ.
*
* പതിപ്പുകൾ
* ഭൂപട വിശകലനം.

ലക്ഷ്യം: ഭൂമിശാസ്ത്രവും ചരിത്രവുമായി ബന്ധപ്പെട്ട ആശയ രൂപീകരണത്തിന് ബന്ധപ്പെട്ട ഭൂപടങ്ങൾ വിശകലനം ചെയ്യുന്നതിന്.

പ്രവർത്തനം : കേരളത്തിലെ ജില്ലകളുടെ പ്രത്യേകതകൾ.

* ഫീൽഡ് ട്രിപ്പ്.

ലക്ഷ്യം: നേരനുഭവം ലഭിക്കുന്നതിന്, മൂല്യങ്ങൾ വളർത്തുന്നതിന് - പാലക്കാട് കോട്ട.

* ആൽബം തയ്യാറാക്കൽ.

ലക്ഷ്യം: വിവര ശേഖരണം.

പ്രവർത്തനം: സ്വാതന്ത്ര്യ സമര നേതാക്കളുടെ ആൽബം

* അഭിമുഖം

ലക്ഷ്യം: വിവരശേഖരണം, ആശയ രൂപീകരണം.

* സർവ്വേ.

ലക്ഷ്യം: ഒരു വിഷയത്തെക്കുറിച്ചുള്ള അധിക വിവരങ്ങൾ ശേഖരിക്കുന്നതിന്.

* പ്രോജക്ട്.

ലക്ഷ്യം: പ്രശ്ന പരിഹാരണത്തിനാവശ്യമായ വിവരശേഖരണത്തിനും ക്രോഡീകരണത്തിനും അപഗ്രഥനത്തിനും നിഗമന രൂപീകരണത്തിനും.

* സാമൂഹ്യശാസ്ത്രലാബ്

ലക്ഷ്യം: നിരീക്ഷണം, വിവര ശേഖരണം, വിശകലനം, നിഗമനം, രൂപപ്പെടുത്തൽ.

* ഗ്ലോബ് നിർമ്മാണം.

ലക്ഷ്യം: അക്ഷാംശ, രേഖാംശ രേഖകൾ മനസ്സിലാക്കുന്നതിന്.

* അറ്റ്ലസ് നിർമ്മാണം

ലക്ഷ്യം: വിവിധ രാജ്യങ്ങളുടെ സ്ഥാനം, അതിർത്തികൾ എന്നിവ തിരിച്ചറിയുന്നതിന്.

പ്രവർത്തനം: കേരളം, ഇന്ത്യ, ഭൂഖണ്ഡങ്ങൾ തുടങ്ങി വിവിധ ഭൂപടങ്ങൾ ചേർത്ത അറ്റ്ലസ്.

* സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ്:

ലക്ഷ്യം: ജനാധിപത്യ സവിശേഷതകളിൽ ഒന്നായ തിരഞ്ഞെടുപ്പിനെക്കുറിച്ച് മനസ്സിലാക്കുന്നതിന്

യു.പി. മലയാളം അക്കാദമിക

മാസ്റ്റർ പ്ലാൻ 2025-26.

പൊതു ലക്ഷ്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| ഭാഷയുടെ അടിസ്ഥാനശേഷികൾ എല്ലാ കുട്ടികളും നേടിയിരിക്കണം. | സ്കൂൾ സിലബസിന പുറമെ കുട്ടികൾക്ക് വേണ്ടുന്ന കൂടുതൽ അറിവ് ലഭ്യമാക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക. | ഈ അധ്യയന വർഷം മുഴുവൻ | മലയാളം അധ്യാപകർ |

മേഖല - യു. പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| 1. ഭാഷയുടെ അടിസ്ഥാനശേഷി പരിശോധന. | പ്രീ. ടെസ്റ്റ് നടത്തുന്നു. (വായന, എഴുത്ത്). മുന്നോക്കവും, പിന്നോക്കവും നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു | ജൂൺ | മലയാളം അധ്യാപകർ |
| 2. ശേഷികൾക്കനുസരിച്ച് നൽകേണ്ട പ്രവർത്തനങ്ങൾ. | മുന്നോക്കം നിൽക്കുന്ന കുട്ടികളെ വിവിധ വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ പ്രാപ്തരാക്കുന്നു. പിന്നോക്കം നിൽക്കുന്നവർക്ക് കാർഡുകൾ ഉപയോഗിച്ച് എഴുതാനും വായിക്കാനും പ്രാപ്തരാക്കുന്നു. | ജൂലൈ, ആഗസ്റ്റ് | " " |
| 3. പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പു വരുത്തുന്നു. | പത്രം, കഥാപുസ്തകങ്ങൾ, മാസികകൾ ഇടങ്ങിയവ എല്ലാ കുട്ടികൾക്കും നൽകുന്നു. കുറിപ്പെഴുതിക്കുന്നു. | അധ്യയനവർഷം മുഴുവൻ. | " " |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 4. | സാഹിത്യകൃതികളോടും സാഹിത്യകാരൻമാരോടും അനുകൂല മനോഭാവം വളർത്തുകവഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | ലൈബ്രറി പുസ്തകങ്ങളുടെ വിതരണം, വായനശാല സന്ദർശനം, സാഹിത്യകാരൻമാരുമായി സംവാദം. | - വർഷം മുഴുവൻ.<br>- ജൂലൈ | മലയാളം അധ്യാപകർ |
| 5 | ഭാഷയിലെ വിവിധ വ്യവഹാരരൂപങ്ങൾ സ്വയം തയ്യാറാക്കാനുള്ള ശേഷി നേടിയെടുക്കൽ. | ആസ്വാദനം, വിശകലനക്കുറിപ്പ്, പ്രതികരണക്കുറിപ്പ്, വായനാക്കുറിപ്പ് തുടങ്ങിയവ നിരന്തരമായി മത്സരബുദ്ധിയോടെ തയ്യാറാക്കുന്നു. മികച്ചതിന് പ്രോത്സാഹനം നൽകുന്നു. | വർഷം മുഴുവൻ | ,, ,, |
| 6. | ഭാഷാപഠനത്തിന് ഉത്സാഹം ജനിപ്പിക്കുക. | വിവിധ മത്സരങ്ങൾ ഇടയ്ക്കിടെ നടത്തുന്നു. പഠനത്തിൽ ILT കൂടുതൽ ഉപയോഗപ്പെടുത്തുന്നു. | ,, ,, | ,, ,,<br>വിദ്യാരംഗം കലാസാഹിത്യവേദി. |

# അക്കാദമിക മാസ്റ്റർ പ്ലാൻ . ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. 5, 6, 7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ ഹിന്ദി 5-ാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പാഠങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര - രചന കാണിക്കൽ എന്നിവ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ |
| 2, ഹിന്ദി വായന തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും. മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സിഡി താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ |
| 3, ഹിന്ദി സംസാരം ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും. നിത്യ ജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ, ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്നവരെ ക്ലാസിൽ കൊണ്ടുവരും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ |

# ENGLISH - MASTER PLAN

AIM : To speak, read and write English without any mistakes.

Time : June to March

To check the vocabulary and writing skills of pupils.

## Activities June and July

Pre test : To develop listening skills and reading skills.

Listening skills: Games, Action songs

- Hello English Activities
- Conversations • Skit • Use ICT

Speaking skills:-

Identify the action words from the picture.

Make simple sentences using the word about Picture. Also make small descriptions about the picture. Growing sentences, picture reading Self introductions.

## Activities August and September

- Develop the creative speaking and writing.

Reading skills

Books reading, find words, collect and read Past tense, Rhyming words, TB activities.

Writing skills

Make word web, picture description, word chain, Make words, sentences, make riddles, conversations.

Add more lines

October and November

To express thoughts, feelings etc.....

Reading skills

Library book reading, Conversations, skit, stories use ICT, Read notice, develop story.

Writing skills

Description, thoughts

December and January

To develop creative speaking and writing.

Reading skills

Library books reading, conversations, skit, stories, Use ICT, develop story, reads diary.

Writing skills

Diary, Announcement

February and March

To improve presentation power

Reading skills - Library books reading, conversations, skit, stories, develop story.

Writing skills - Diary, Descriptions, Thoughts

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**മേഖല – അക്കാദമികം** **(UP & HS)** **ഉപമേഖല: സംസ്കൃതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.<br>• അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.<br>• കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക.<br>• ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.<br>• എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.<br>• സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തങ്ങൾ<br>• ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ<br>• ഭാഷാലാബ് | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• പതിപ്പുകൾ, മാഗസിനുകൾ<br>• രചനാ ശില്പശാലകൾ<br>• സംസ്കൃതദിനാചരണം / അസംബ്ലി<br>• ഒഴിവുസംയങ്ങളിൽ പ്രത്യേക ക്ലാസ്<br>• വായനമൂല, പദപ്പയറ്റ്, ചോദ്യോത്തരപയറ്റ്, നിഘണ്ടു നിർമാണം, മാഗസിൻ നിർമാണം, ദിനാചരണങ്ങൾ, പോസ്റ്റർ നിർമാണം, കഥ - ഉപന്യാസം രചിക്കൽ & അവതരണം etc...<br>• വിവിധസാഹിത്യശാഖകളെ പരിചയപ്പെടുത്തൽ, കഥ, കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ എന്നിവ രചിച്ച് / ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc...<br>• വിവിധ കലാരൂപങ്ങളുടെ demonstration | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ<br>വീഡിയോകൾ<br>ചിത്രങ്ങൾ<br>etc.. | |

Class : 4

## ഗണിത പഠനം - കളിക്കാം ഗണിക്കാം

| | പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|---|
| 1) | വിവിധതരം കളികൾ അനുരൂപണം ചെയ്ത് - നടപ്പാക്കൽ | ഗണിതപഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വർഷം മുഴുവൻ | SRG, Class teacher | |
| | മൂല്യനിർണയം (ഏണിയും പാമ്പും ഡൈസ് കളി, സങ്കലനം, വ്യവകലനം, കച്ചവടക്കളി) | | | | |
| 2) | ഒറിഗാമിയിലൂടെ പഠിക്കാം - ഒറിഗാമി രൂപങ്ങളുടെ നിർമാണം പ്രദർശനം | ഗണിതശാസ്ത്ര പഠനം രസകരമാക്കൽ - കരചലന ശേഷി വികാസം. | ബന്ധപ്പെട്ട പാഠഭാഗത്തോടനുബന്ധിച്ച് | Class teacher. | |
| 3) | ഗണിത ലാബ് | ഗണിത പഠനം സുതാര്യമാക്കൽ, ഗണിത ലാബ് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM SRG Class Tr. | |
| 4) | ഗണിത ചുമർ - ഒരുക്കൽ. - പഠനത്തിന് ഉപയോഗപ്പെടുത്തൽ | ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | വർഷം മുഴുവൻ | Class Tr. | |
| 5) | ഗണിത പഠനോപകരണ ശില്പശാല - പാഠഭാഗവുമായി ബന്ധപ്പെട്ട, പഠനോപകരണങ്ങളുടെ നിർമാണം, പ്രദർശനം | പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | ആവശ്യാനുസരണം. | SRG Class Tr. | |
| | ഗണിത മേള - പ്രശ്നോത്തരി, പസിൽ, Pattern പഠന ഉൽപന്നങ്ങളുടെ പ്രദർശനം | ഗണിത ശേഷികളുടെ പ്രകടനം | വർഷത്തിലൊന്ന്. | SRG, Class Tr. | |

Class: 3

ഗണിതം:-

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജ്യാമിതിയ സൗന്ദര്യം തിരിച്ചറിയാം | → ഒറിഗാമി ശില്പശാല<br>→ രസകരമായി ഗണിതപഠനവും, നിർമ്മാണ പ്രവർത്തനങ്ങളും ആസ്വദിക്കാനും<br>→ ഒറിഗാമി ഉപയോഗിച്ച് രൂപങ്ങൾ നിർമിക്കൽ പ്രദർശിപ്പിക്കൽ | October. | SRG PTA | SSA. |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള ഗണിതോത്സവം | ജനുവരി | SRG Class Tr. | SSA Staff SMC |

ക്ലാസ്: 4

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| --- | --- | --- | --- |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ, ആവശ്യമായ സാമഗ്രികൾ ഒരുക്കൽ. | ലക്ഷ്യം നേടുന്നതു വരെ | SRG ക്ലാസ് ടീച്ചർ |
| വായനാശേഷി വളർത്തൽ (വായിക്കാം വളരാം) | ക്ലാസ് വായനാക്കൂട്ടം ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം, വായനാ കുറിപ്പ്, ആസ്വാദന കുറിപ്പ്, പുസ്തക സംവാദം, ആനുകാലിക വായന | വർഷം മുഴുവൻ | |
| എഴുതാം തെളിയാം എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | വർഷം മുഴുവൻ | |
| വായനാശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരൻമാരുമായി എഴുത്തിലൂടെ സംവദിക്കൽ. | ആവശ്യാനുസരണം | |

| കണ്ടറിയാം കേട്ടറിയാം | | | |
|---|---|---|---|
| അറിവ് ഡോക്യുമെന്ററിയിലൂടെ ICT | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് Tr |
| രുചിച്ചറിയാം നമ്മുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | പാചക കുറിപ്പുകളുടെ പതിപ്പ് നിർമ്മാണം ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | ക്ലാസ് Tr |
| സാഹിത്യകാരന്മാരുടെ ജന്മ ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ, ഡോക്യുമെന്ററി പ്രദർശനം, പുസ്തകപരിചയം, പതിപ്പ് നിർമ്മാണം | ആവശ്യാനുസരണം | ക്ലാസ് Tr |
| കലക്കൂട്ട് പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് റൂമിലേക്ക് കലാവതരണം | വർഷത്തിലൊന്ന് | ക്ലാസ് Tr SRG |
| സർഗ്ഗോത്സവം. ഭാഷാപഠനഭാഗമായി നേടിയ ശേഷികൾ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. | വർഷത്തിലൊരിക്കൽ | SRG CPTA. |

STD : IV

# പരിസരപഠനം

**ലക്ഷ്യം**

പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക.

**പ്രവർത്തനങ്ങൾ**

**ഘട്ടം : 1**

ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ. എല്ലാ കുട്ടികൾക്കും വൃക്ഷത്തൈ വിതരണം.
നല്ല നാളേക്കുവേണ്ടി (ICT) കവിത കേൾപ്പിക്കുന്നു.

**ഘട്ടം : 2**

കുട്ടികൾ വീട്ടിൽ തയ്യാറാക്കിയ പോസ്റ്റർ [പ്ലക്കാർഡ്] എടുത്ത് ക്ലാസ് മുറിയിൽ പ്രദർശിപ്പിക്കുന്നു.

**ഘട്ടം : 3**

വനം, ചതുപ്പ്, പാടം, കുന്ന്, കാവ്, ...
ആവാസവ്യവസ്ഥയെ പറ്റി നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു. വർഗീകരണം നടത്തുന്നു. ആവാസ വ്യവസ്ഥയുടെ പ്രാധാന്യം മനസ്സിലാക്കുന്നു. പോസ്റ്റർ നിർമ്മാണം.
ജീവികളുടെ നിലനിൽപ്പിന് അനുയോജ്യമായ ചുറ്റുപാടുകൾ ആവശ്യമാണ്. ജീവികൾ ചുറ്റുപാടുകളുമായി അനുയോജ്യ ചുറ്റുപാടുകളിൽ പൊരുത്തപ്പെട്ടിരിക്കുന്നു

## UP- ഗണിതം

### ഗണിത ദിനാചരണം :-

ഗണിത ശാസ്ത്രജ്ഞന്മാരുടെ സ്മരണാർത്ഥം അവരുടെ ജന്മദിനങ്ങൾ കണ്ടെത്തി ദിനാചരണങ്ങൾ സംഘടിപ്പിക്കുക.

### ഗണിത സെമിനാറുകൾ :-

ലക്ഷ്യം : ഗണിതപഠന പരിപോഷണം

ഗണിത വിഷയങ്ങളുമായി ബന്ധപ്പെട്ട കണ്ടുപിടുത്തങ്ങൾ, പ്രധാനപ്പെട്ട സൂത്രവാക്യങ്ങൾ തുടങ്ങിയവയെക്കുറിച്ച് കുട്ടികളുടെ ഭാഗത്തുനിന്നു തിരഞ്ഞെടുക്കപ്പെട്ടവർ സെമിനാർ അവതരിപ്പിക്കുന്നു.

സമയം : 3 മാസത്തിലൊരിക്കൽ ഗണിതക്ലബ്ബിൽ

ചുമതല : ഗണിതാധ്യാപകന്റെ സഹായത്തോടെ വിദ്യാർത്ഥികൾ

വിവിധ ഗണിത കേളികൾ ക്ലാസിൽ പരിചയപ്പെടുത്തി അവ കളിക്കാനുള്ള അവസരം നൽകുകയും കുട്ടികൾക്ക് പുതിയ കളികൾ കണ്ടെത്തി അവതരിപ്പിക്കുന്നതിന് വേദി നൽകുകയും ചെയ്യുന്നു.

### ഒറിഗാമി ശില്പശാല :-

ലക്ഷ്യം : ഗണിതശാസ്ത്ര പഠനം കരചലന ശേഷിവികാസം, വിവിധ രൂപങ്ങൾ നിർമ്മിക്കൽ, സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം.

സമയം - വർഷത്തിലൊരിക്കൽ.

### കുസൃതി കണക്കുകളുടെ അവതരണം :-

ലക്ഷ്യം : ചെറിയ. ചെറിയ പ്രശ്നങ്ങൾക്ക് വളരെ രസകരമായ രീതിയിൽ ഉത്തരം കണ്ടെത്തിക്ക.

പ്രശ്നപരിഹാര കഴിവുകൾ വർദ്ധിപ്പിക്കുക.

വെല്ലുവിളി നിറഞ്ഞ ഗണിത പസിലുകൾ, മത്സരങ്ങൾ സഹകരിച്ച് പ്രശ്നപരിഹാര സെഷനുകൾ എന്നിവയിലൂടെ വിദ്യാർത്ഥികൾക്ക് അവരുടെ പ്രശ്ന പരിഹാര കഴിവുകൾ പരിശീലിക്കാനും വികസിപ്പിക്കാനും അവസരം നൽകുന്നു.

ഗണിത ക്ലിനിക്ക് :-

ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ നിർദേശങ്ങളും, പ്രവർത്തനങ്ങളും നൽകുന്നു.